പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1856 — 22/03/2012 ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടൽ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്ര തവണ നീട്ടിക്കൊടുക്കുകയുണ്ടായി ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 480 റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. അതിൽ 224 എണ്ണം 3 പ്രാവശ്യവും, 143 എണ്ണം 2 പ്രാവശ്യവും, 113 എണ്ണം ഒരു പ്രാവശ്യവും നീട്ടിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരം കാലാവധി നീട്ടിയ എത്ര റാങ്ക് ലിസ്റ്റുകളിൽനിന്ന് പിന്നീട് നിയമനം നടക്കാതിരുന്നിട്ടുണ്ട്; | (ബി) ഇതിൽ 321 റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ നിയമന ശിപാർശ നടത്തിയിട്ടില്ല. |
| (സി) കാലാവധി നീട്ടിയ ഏതെങ്കിലും ലിസ്റ്റിൽനിന്ന് പിന്നീട് നിയമനം നടത്തുകയുണ്ടായോ; എങ്കിൽ എത്ര ലിസ്റ്റുകളിൽനിന്ന് എത്ര ഒഴിവുകളിലേക്ക് കാലാവധി നീട്ടിയതിനുശേഷം നിയമനം നടത്തുകയുണ്ടായി; വിശദമാക്കുമോ? | (സി) ഉണ്ട്. ദീർഘിപ്പിച്ച കാലയളവിൽ 159 റാങ്ക് ലിസ്റ്റുകളിൽനിന്നും 4525 ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ